# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:859

04.03.2020-ലെ മറുപടി

### കുടിവെള്ള പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയ തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയ്ക്കുമായി 2019-20 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയ്ക്കുമായി 2019-20 വർഷത്തെ ബജറ്റിൽ 356.72 കോടി രൂപ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പിന്നീട് അധികം തുക ആവശ്യപ്പെട്ടിരുന്നോ എന്നും എങ്കിൽ എത്ര തുകയാണാവശ്യപ്പെട്ടതെന്നും തുക അനുവദിച്ച് കിട്ടിയിരുന്നോ എന്നും വ്യക്തമാക്കാമോ; | (ബി) | 478.89 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയും (SDG) 182.80 കോടി രൂപ പെൻഷൻ ബാധ്യതകൾ തീർക്കുവാൻ വേണ്ടിയും സർക്കാരിനോട് അധികമായി അഭ്യർത്ഥിച്ചിരുന്നെങ്കിലും ഇവ അനുവദിച്ചു നൽകിയില്ല. |
| (സി) | അനുവദിച്ച തുക പര്യാപ്തമായിരുന്നോ എന്നും ഇല്ലെങ്കിൽ പദ്ധതി തുക പദ്ധതിയേതര ചെലവുകൾക്കായി വക മാറ്റേണ്ടിവന്നിരുന്നോ എന്നും വ്യക്തമാക്കാമോ? | (സി) | അനുവദിച്ച തുക അപര്യാപ്തമാണ്. പദ്ധതി തുക പദ്ധതിയേതര ചെലവുകൾക്കായി വക മാറ്റിയിട്ടില്ല. |

സെക്ഷൻ ഓഫീസർ